(ഡി) ബോട്ടുടമകൾക്ക് മന്ത്രി നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) എത്ര ദിവസത്തിനുള്ളിൽ വീണ്ടും ചർച്ച നടത്താമെന്നാണ് ബോട്ടുടമകൾക്ക് ഉറപ്പു നൽകിയിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) ചർച്ച നടത്തുകയുണ്ടായി.

(ഡി) ഒരു ഉറപ്പും നൽകിയിട്ടില്ല.

(ഇ) ഇന്നദിവസത്തിനകം വീണ്ടും ചർച്ച ചെയ്യാമെന്ന് ഉറപ്പ് നൽകിയിട്ടില്ല.

രക്ഷാബോട്ടുകൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി

115 [3262] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിൽ എത്ര രക്ഷാബോട്ടുകൾ ഉണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്;

(സി) മറ്റുള്ളവകൂടി പ്രവർത്തനക്ഷമമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ച്.

(ബി) ഒന്നും പ്രവർത്തനക്ഷമമല്ല.

(സി) ഫിഷറീസ് വകുപ്പുവക പ്രവർത്തനരഹിതമായ കരുണ, കൽപ്പക, കാവേരി, കൃഷ്ണ, കല്യാണി എന്നീ അഞ്ചു രക്ഷാബോട്ടുകളുടെ പ്രവർത്തനം വിലയിരുത്തുകയും അവ കയ്യൊഴിയുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എങ്കിലും അതിനുമുമ്പായി ഇവ റിപ്പയർ ചെയ്യുവാനോ പുതുക്കുവാനോ കഴിയുമോ എന്ന് പരിശോധിപ്പിക്കുന്നതിന് സി.ഐ.എഫ്.എൻ. ഇ.റ്റി.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കടലിൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ടഗ്ഗുകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി

116 [3263] ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കാലത്തേക്ക് കടലിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly